## സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്താൻ നടപടി

86 (6537) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പാലോട് രവി :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ സഹകരണ മേഖലയിലെ ആകെ നിക്ഷേപം എത്രയായിരുന്നു ;

(ബി) സഹകരണ മേഖലയിലെ 31-3-2014-ലെ ആകെ നിക്ഷേപം എത്രയാണെന്ന് അറിയിക്കുമോ ;

(സി) സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) സഹകരണ മേഖലയിൽ എൻ.ആർ.ഐ. നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) മുൻസർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ സഹകരണ മേഖലയിലെ നിക്ഷേപം 68409.15 കോടി രൂപയായിരുന്നു.

(ബി) സഹകരണ മേഖലയിലെ 31-3-2014-ലെ ആകെ നിക്ഷേപം 1,11,978.59 കോടി രൂപയാണ്.

(സി) സഹകരണ നിക്ഷേപരംഗം ശക്തിപ്പെടുത്തുന്നതിനായി 'നിക്ഷേപ ഗ്യാരന്റി സ്കീം' ഫലപ്രദമായി നടപ്പിലാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കൂടാതെ സഹകരണ വകുപ്പിന്റെ ആഭിമിഖ്യത്തിൽ നിക്ഷേപസമാഹരണ യജ്ഞം എല്ലാവർഷവും നടത്തിവരുന്നു.

(ഡി) സഹകരണ മേഖലയിൽ എൻ.ആർ.ഐ. നിക്ഷേപ പദ്ധതി ആരംഭിക്കുന്നതിന് റിസർവ്വ് ബാങ്കിന്റെ അനുമതി ആവശ്യമാണ്. നിലവിൽ റിസർവ്വ് ബാങ്ക് ചില അർബൻ സഹകരണ ബാങ്കുകൾക്കുമാത്രമാണ് എൻ.ആർ.ഐ. നിക്ഷേപം ആരംഭിക്കാൻ അനുമതി നൽകിയിട്ടുള്ളത്.

## സഹകരണ റിസ്ക് ഫണ്ട് സ്കീമിൽ അംഗങ്ങളായിട്ടുള്ള സംഘങ്ങൾ

87 (6538) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ വായ്പാ സംഘങ്ങളിൽ സഹകരണ റിസ്ക് ഫണ്ട് ആരംഭിച്ചത് എപ്പോഴാണെന്നും ഇതുവരെ എത്ര വായ്പാസംഘങ്ങൾ ഈ സ്കീമിൽ അംഗങ്ങളായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly